

# ആധുനിക ശാസ്ത്രത്തിൽ സംഗീത ചികിത്സ

ജി. ജയലക്ഷ്മി

മ്യൂസിക് തെറാപ്പി ഇന്ന് അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്രശാഖയാണ്. രോഗികൾക്ക് ആശ്വാസം പകരുന്നതിലും ജീവിതത്തിൽ അനുദിനം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന മാനസികപിരിമുക്കങ്ങൾക്ക് അയവുവരുത്തുവാനായി സംഗീതത്തിനും കഴിയുമെന്നുള്ളത് ആശ്വാസത്തിന് വക നല്കുന്നുണ്ട്.

അനാദികാലം മുതൽ മനുഷ്യൻ സുന്ദരകലകളിൽ ആകൃഷ്ടനായിരുന്നു. അതിൽ എന്തുകൊണ്ടും പ്രഥമസ്ഥാനം സംഗീതത്തിനാണ് സംഗീതം മനുഷ്യനോടും പ്രകൃതിയോടും വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നു. മനുഷ്യന്റെ ശ്വാസനിശ്വാസങ്ങളിലും, ഹൃദയമിടിപ്പിലും എല്ലാം സംഗീതത്തിന്റെ താളം ശ്രവിയ്ക്കാൻ കഴിയും. പക്ഷികളുടെ കളകൂജനത്തിലും നലകളുടെ മർമ്മരത്തിലും, കാറ്റിന്റെ നേർത്ത നാദത്തിലും, കടലിലെ ഓളങ്ങളിലും എല്ലാം സഗീതം തന്നെയാണ് നിറഞ്ഞു നിൽക്കുന്നത്. സംഗീതം ഒരു സാർവ്വലൗകിക ഭാഷയാണ്.

ആധുനിക ശാസ്ത്രത്തിൽ സംഗീതത്തിന്റെ ശക്തിയെകുറിച്ച് ധാരാളം ഗവേഷണങ്ങൾ നടന്നുവരുന്നു. ഹൃദയാവർജകമായ ധ്വനികളെ അടിസ്ഥാനമാക്കിയുള്ള കലയാണല്ലോ സംഗീതം. സുശ്രാവ്യമായ നാദവിശേഷങ്ങൾ കൊണ്ട് ഹൃദയത്തിൽ ഉൽകൃഷ്ടമായ വികാരതരംഗങ്ങൾ സൃഷ്ടിയ്ക്കാൻ കഴിയും. സകല ജീവജാലങ്ങളെയും ഒരു പോലെ രസിപ്പിയ്ക്കുന്നതിൽ സംഗീതത്തിനുള്ള സവിശേഷശക്തി മറ്റു കലകൾക്കില്ല. ദു:ഖിതരായവർ സംഗീതം കേട്ട് ദു:ഖം മറക്കുന്നതും കരയുന്ന കുഞ്ഞ് താരാട്ടുകേൾക്കുമ്പോൾ കരിച്ചിൽ നിർത്തി ഉറങ്ങുന്നതും പക്ഷി മൃഗാദികൾ സംഗീതലഹരിയിൽ മതി മയങ്ങി നിശ്ചലരായി നിന്നു പോകുന്നതും സംഗീതത്തിന്റെ അത്ഭുതശക്തി കൊണ്ടാണ്. ശ്രേഷ്ഠ മായ സംഗീതം പരമാനന്ദം വർദ്ധിപ്പിയ്ക്കുന്നു. ഈശ്വരൻ സംഗീതപ്രിയനായതുകൊണ്ടാണ് സർവ്വ



മതക്കാരും സ്തോത്രങ്ങൾക്ക് സംഗീതരൂപം നല്കിയിട്ടുള്ളത്.

സംഗീതത്തിന്റെ ശക്തികൊണ്ടാണ് ആധുനിക ശാസ്ത്രത്തിൽ സംഗീതചികിത്സാപദ്ധതിയെപ്പറ്റി ഗവേഷണങ്ങൾ ആരംഭിച്ചത് . പ്രസിദ്ധ സംഗീതജ്ഞനും വയലിനിസ്റ്റുമായ ശ്രീ കുന്നകുടി വൈദ്യനാഥൻ സംഗീതചികിത്സയെപ്പറ്റി ഗവേഷണങ്ങൾ നടത്തിവരുന്നു. നീലാംബരി രാഗം കേൾപ്പിച്ചാൽ കുഞ്ഞുങ്ങളുടെ ഉറക്കം സുഗമമാകും എന്ന് തെളിഞ്ഞിരിയ്ക്കുന്നു. ബിലഹരി രാഗം ആലപിച്ച് "നാ ജീവധാര" എന്ന കൃതി പാടി ത്യാഗരാജസ്വാമികൾ ഒരാളെ പുനരുജ്ജീവിപ്പിച്ചതായി രേഖകളിലുണ്ട്. മേഘമൽഹാർ, അമൃതവർഷിണി എന്നീ രാഗങ്ങൾക്ക് മഴ പെയ്യിക്കാനുള്ള കഴിവ് ഉണ്ടെന്ന് കരുതപ്പെടുന്നു. 'ദീപക്' രാഗം ആലപിച്ച് ആളിപ്പടർത്തിയ തീജ്വാലകൾ, മേഘമൽഹാർ രാഗം പാടി താൻസെൻ കെടുത്തിയതായി ചരിത്രവും സാക്ഷ്യപ്പെടുത്തുന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണ് സംഗീതചികിത്സാപദ്ധതിയും, രാഗങ്ങളുടെ ആരോഗ്യ ചികിത്സാപദ്ധതിയും ശ്രദ്ധേയമായിക്കൊണ്ടിരിയ്ക്കുന്നത്. ചില രാഗങ്ങൾക്ക് ചിലരോഗങ്ങളെ ശമിപ്പിയ്ക്കാൻ കഴിവുണ്ടെന്ന് തെളിയിയ്ക്കപ്പെട്ടിരിക്കുന്നു ഉദാഹരണത്തിന് ആനന്ദഭൈരവി രാഗത്തിന് രക്തസമ്മർദ്ദം സാധാരണഗതിയിലാക്കാൻ കഴിയുമെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നു.

മരുന്നുകൊണ്ടേ രോഗം മാറൂ എന്ന് വിശ്വസിക്കുന്ന ഒരു ജനതയ്ക്കുമുന്നിൽ സംഗീതം മരുന്നായി എത്തുമ്പോഴുണ്ടാകുന്ന ഗുണഫലങ്ങൾ അറിയിയ്ക്കുക എന്നതിനെപ്പറ്റി നമ്മുടെ ആരോഗ്യരംഗത്ത് ഏറെയെന്നും ചർച്ച ചെയ്യപ്പെടുന്നില്ല. എന്നത് ഖേദകരമായ വസ്തുതയാണ്.

---

*ബി.എസ്.എൻ.എൽ., കിഴക്കേകോട്ട*
*തിരുവനന്തപുരം*